# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2356 — 08-12-2015-ൽ മറുപടിക്ക്

## നിക്ഷേപ സംഗമ മേളകൾ

**ചോദ്യം**

ശ്രീ. വി.ശിവൻകുട്ടി
ശ്രീ. ആർ.രാജേഷ്
ശ്രീമതി കെ.കെ.ലതിക
ശ്രീ. ജെയിംസ് മാത്യു

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് നിക്ഷേപം കൊണ്ടുവരുന്നതിന് നടത്തിയ മേളകളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം പദ്ധതികളാണ് നിക്ഷേപം കൊണ്ടുവരുന്നതിന് നടത്തിയതെന്നും ഇതുമൂലം ഉദ്ദേശിച്ച നിക്ഷേപങ്ങൾ എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികളിൽ കൂടി ഉദ്ദേശിച്ചതിന്റെ എത്ര ശതമാനം നിക്ഷേപം നേടുന്നതിന് സാദ്ധ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

(എ) (ബി) & (സി) 2012 സെപ്റ്റംബർ 12 മുതൽ 14 വരെ സർക്കാർ കെ.എസ്.ഐ.ഡി.സി മുഖേന നടത്തിയ എമർജിങ്ങ് കേരള പ്രതീക്ഷിച്ച ലക്ഷ്യം കൈവരിച്ചിരുന്നു.

കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി പുറംലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് എമർജിങ്ങ് കേരള സംഗമം സംഘടിപ്പിച്ചത്. ദീർഘകാല അടിസ്ഥാനത്തിലുള്ള സാമ്പത്തിക മുന്നേറ്റത്തിന് ആവശ്യമായ കർമ്മപദ്ധതികളും നിർദ്ദേശങ്ങളും സ്വരൂപിക്കുക എന്നതും എമർജിങ്ങ് കേരളയിലൂടെ ലക്ഷ്യമിട്ടിരുന്നു.

എമർജിങ്ങ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. 2015 മാർച്ച് മാസം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്, ഈ പദ്ധതികളുടെയെല്ലാം കൂടിയുള്ള ആകെ നിക്ഷേപം ഏകദേശം 32137 കോടി

രൂപയാണ്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളുടെ ആകെ നിക്ഷേപം 23334 കോടി രൂപയാണ്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചു വരുന്നു. പൂർത്തിയായ രണ്ട് പദ്ധതികളുടെയും കൂടിയുള്ള നിക്ഷേപം ഏകദേശം 209 കോടി രൂപയാണ്.

| | | | |
|---|---|---|---|
| **(ഡി)** | നിക്ഷേപ സംഗമ മേളകൾ പൊതുധനം ധൂർത്തടിക്കുന്നതിനുള്ള സംരംഭങ്ങൾ മാത്രമായെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ ? | **(ഡി)** | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ